പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 21 04-06-2018-ൽ മറുപടിക്ക്

## മനുഷ്യാവകാശ കമ്മീഷന്റെ അധികാരപരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.പി.സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ അധികാര പരിധിയിൽ വരാത്ത കാര്യങ്ങളിൽ ഇടപെടുകയും തെറ്റായ പരാമർശങ്ങളോടെ ഉത്തരവ് നൽകുന്നതായും സർക്കാരിന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ആധാരമായ വസ്തുതകൾ വിശദമാക്കാമോ; | (എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അതിന്റെ അധികാരപരിധിയിൽ വരാത്ത കാര്യങ്ങളിൽ ഇടപെടുകയും തെറ്റായ പരാമർശങ്ങളോടെ ഇടപെടുന്ന പ്രവണതയും അഭികാമ്യമല്ല. |
| (ബി) ലാത്വിയ വനിതയുടെ കൊലപാതകം, വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി കൊലപാതകം എന്നിവയിൽ നടത്തിയ ഇടപെടൽ കമ്മീഷന്റെ അധികാര പരിധിക്ക് പുറത്തുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) മനുഷ്യാവകാശലംഘനം സംബന്ധിച്ച് പരാതി ലഭിക്കുകയോ മനുഷ്യാവകാശ ലംഘനം നടന്നെന്ന് ബോധ്യപ്പെട്ടാലോ കമ്മീഷന് കേസെടുത്ത് അന്വേഷണം നടത്താം. എന്നാൽ ഈ രണ്ട് കേസുകളിലും യഥാവിധി അന്വേഷണം നടത്താതെ മാധ്യമ വാർത്തകൾ വന്നയുടൻ, കമ്മീഷന്റെ അധികാര പരിധി കടന്ന് അഭിപ്രായ പ്രകടനം നടത്തിയത് നീതി നിർവ്വഹണത്തിന് അനുയോജ്യമാണെന്ന് കരുതുന്നില്ല. |
| (സി) മനുഷ്യാവകാശലംഘനങ്ങൾ സംബന്ധിച്ച പരാതികളോ സംഭവങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ സ്വമേധയാ ഇടപെടാനുള്ള അധികാരം പാർലമെന്റ് പാസാക്കിയ നിയമപ്രകാരം കമ്മീഷനിൽ നിക്ഷിപ്തമാണോയെന്ന് വ്യക്തമാക്കാമോ; | (സി) മനുഷ്യാവകാശലംഘനങ്ങൾ സംബന്ധിച്ച പരാതികളോ സംഭവങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ സ്വമേധയാ ഇടപെടാനുള്ള അധികാരം പാർലമെന്റ് പാസാക്കിയ നിയമപ്രകാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇത്തരം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി സ്വീകരിക്കേണ്ട നടപടി സർക്കാരിനോട് ശിപാർശ ചെയ്യാനുള്ള അധികാരമാണ് കമ്മീഷനുള്ളത്. |

| | |
|---|---|
| (ഡി) മേൽപ്പറഞ്ഞ കേസുകളിൽ കമ്മീഷന്റെ ഇടപെടൽ സംബന്ധിച്ച് എന്തെങ്കിലും വിമർശനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിമർശനങ്ങൾക്കുള്ള സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കാമോ; | (ഡി) മനുഷ്യാവകാശ കമ്മീഷൻ അതിന്റെ അധികാര സ്ഥാനത്തിനും പുറത്ത് യഥാവിധിയായ അന്വേഷണം നടത്താതെ ദൃശ്യമാധ്യമങ്ങളിൽ നേരിട്ട് അഭിപ്രായ പ്രകടനം നടത്തുന്നത് അനുചിതമാണെന്നതിനാലാണ് വിമർശനങ്ങൾ ഉണ്ടാകാനിടയായത്. |
| (ഇ) അപ്രകാരം പരസ്യമായി വിമർശിച്ചിട്ടുണ്ടെങ്കിൽ ആയത് മനുഷ്യാവകാശ സംരക്ഷണത്തിന്റെ ആവശ്യകതയും പ്രാധാന്യവും നിഷേധിക്കുന്നതിന് കാരണം ആകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഇ) മനുഷ്യാവകാശം സംരക്ഷിക്കുന്നത് സർക്കാരിന്റെ പ്രധാന ചുമതല തന്നെയാണ്. അതിനുണ്ടാകുന്ന കുറവുകൾ ചൂണ്ടിക്കാണിക്കുന്ന കമ്മീഷന്റെ ശിപാർശകൾക്ക് അർഹമായ പരിഗണന തന്നെയാണ് സർക്കാർ നൽകുന്നത്. |

സെക്ഷൻ ആഫീസർ